# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2105 — 10/10/2011-ൽ മറുപടിയ്ക്ക്

### കളനാട് ഹോമിയോ ആശുപത്രിയിൽ ഐ.പി. യൂണിറ്റ്

ചോദ്യം — മറുപടി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): — ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കളനാട് ഹോമിയോ ആശുപത്രിയിൽ ഐ.പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഐ.പി.യൂണിറ്റ് എന്നാണ് പുന:സ്ഥാപിച്ചതെന്നും മുമ്പ് പ്രവർത്തനം നിർത്താനുണ്ടായ സാഹചര്യവും വിശദമാക്കാമോ; | (എ) | ഉണ്ട്; 01/03/2009 മുതൽ ഐ. പി. യൂണിറ്റ് പുന:സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ആശുപത്രി പ്രവർത്തിച്ചിരുന്നത് വാടക കെട്ടിടത്തിലായതിനാലും, കെട്ടിടം ജീർണ്ണിച്ച അവസ്ഥ ആയതിനാലുമാണ് ഐ.പി. യൂണിറ്റിൻെറ പ്രവർത്തനം നിലച്ചുപോയത്. |
| (ബി) | കാസർഗോഡ് താലൂക്കിലെ ഏക ഹോമിയോ ഐ.പി. യൂണിറ്റുള്ള സ്ഥാപനം എന്ന നിലയിൽ ഇവിടെ ഐ. പി. നടത്തിക്കൊണ്ടു പോകുന്നതിന് ആവശ്യമായ സ്റ്റാഫുകളെ അനുവദിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഐ. പി. യൂണിറ്റ് സുഗമമായി നടത്തുന്നതിനുള്ള സ്റ്റാഫിനെ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ ഹർജിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വ്യക്തമാക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ